Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2021/1614(7) തീയതി: 13.04.2021

# സർക്കുലർ

വിഷയം:- കൈറ്റ് - പ്രൊബേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ KOOL ഓൺ ലൈൻ പരിശീലനത്തിന്റെ അടുത്ത ബാച്ച് തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- സ.ഉ(സാധാ) നം. 5068/2018/പൊ.വി.വ തീയതി 01.12.2018.

കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) തയാറാക്കിയിട്ടുള്ള KITE's OPEN ONLINE LEARNING (KOOL) വഴി നൽകുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് അധ്യാപകർക്ക് പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡമായി സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്ന അടുത്ത ബാച്ചിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടലിൽ 15.04.2021 മുതൽ 20.04.2021 വരെ ലഭ്യമാക്കുന്ന സൗകര്യം പ്രയോജനപ്പെടുത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
2. മുൻ പരിശീലനങ്ങൾക്കായി രജിസ്റ്റർ ചെയ്ത ശേഷം പരിശീലനം പൂർത്തിയാക്കാത്തവരും പരിശീലനത്തിൽ പങ്കെടുക്കാത്തവരും പുതിയ സംവിധാനത്തിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്.
3. മുൻ പ്രീമിയം പരിശീലനങ്ങളിൽ പങ്കെടുത്ത് CE സ്കോർ നേടിയ ശേഷം സ്കിൽ ടെസ്റ്റിൽ പരാജയപ്പെട്ടവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. അവർക്ക് സ്കിൽ ടെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം പിന്നീട് ലഭ്യമാക്കും.
4. രജിസ്ട്രേഷന് ശേഷം Approval, Online Payment എന്നിവ കൂടി പൂർത്തിയാക്കേണ്ടതാണ്.

   (a) **Approval:** രജിസ്ട്രേഷന് ശേഷം സ്ഥാപന മേധാവിയാണ് Approval നൽകേണ്ടത്. അധ്യാപകർ രജിസ്ട്രേഷനിൽ നൽകിയിരിക്കുന്ന വിവരങ്ങൾ സർവ്വീസ് രേഖകളുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്. Approve ചെയ്യേണ്ട വിധം അനുബന്ധമായി നൽകിയ REGISTRATION – HELP ൽ ഉൾകൊള്ളിച്ചത് പരിശോധിക്കുക.

   (b) **Online Payment:** സ്ഥാപന മേധാവി Approval നൽകിയാൽ മാത്രമെ Online Payment സാധ്യമാകൂ. Online Payment നടത്തേണ്ട വിധം അനുബന്ധമായി നൽകിയ REGISTRATION – HELP ൽ ഉൾപ്പെടുത്തിയത് ഉപയോഗിക്കുക.

5. പരിശീലനത്തിനായി ഓരോ ജില്ലയിലും അനുവദിക്കപ്പെട്ടിട്ടുള്ള Quota താഴെ പട്ടികയിൽ നൽകിയിരിക്കുന്നു.

| No | District | Quota |
|---|---|---|
| 1 | Thiruvananthapuram | 560 |
| 2 | Kollam | 360 |
| 3 | Pathanamthitta | 300 |
| 4 | Alappuzha | 400 |
| 5 | Kottayam | 300 |
| 6 | Idukki | 160 |
| 7 | Eranakulam | 660 |

| No | District | Quota |
|---|---|---|
| 8 | Thrissur | 360 |
| 9 | Palakkad | 600 |
| 10 | Malappuram | 600 |
| 11 | Kozhikode | 660 |
| 12 | Wayanad | 160 |
| 13 | Kannur | 500 |
| 14 | Kasargod | 500 |

**രജിസ്ട്രേഷൻ, Approval, Online Payment** എന്നിവ പൂർത്തിയാക്കുന്നവർക്കാണ് കോഴ്സിലേയ്ക്ക് പ്രവേശനം ലഭിക്കുന്നത്. ആയതിനാൽ കൃത്യമായി ടി പ്രവർത്തനങ്ങൾ ഓൺ ലൈനിൽ നടത്തിയെന്ന് അതത് അധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ് (രജിസ്ട്രേഷൻ, Approval എന്നിവ പൂർത്തിയാക്കുകയും Online Payment നടത്തുന്നതിന് കഴിയാതിരിക്കുകയും ചെയ്യുന്നവർക്ക് അടുത്ത ബാച്ചിൽ Online Payment നടത്തി കോഴ്സിന് പ്രവേശനം നേടാവുന്നതാണ്).

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)
സ്റ്റോക് ഫയൽ

# KOOL REGISTRATION - HELP

## STAGE I (REGISTRATION)

1. നിലവിലുള്ള യൂസർനാമവും പാസ്‌വേഡും ഉപയോഗിച്ച് സമഗ്രയിലേക്ക് ലോഗിൻ ചെയ്ത് പ്രവേശിക്കുക (Teacher Login).




2. പ്രൊഫൈൽ തുറന്ന് നിലവിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തുക.




3. തുടർന്ന്, ഹോം പേജിൽ നിന്നും KOOL REGISTRATION എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.



4. ലഭ്യമാകുന്ന ജാലകത്തിൽ Date of Joining in Service, Due Date of Probation Declaration എന്നിവ നൽകിയ ശേഷം താഴെ നൽകിയിരിക്കുന്ന ലിസ്റ്റിൽ നിന്നും കോഴ്സിനു നേരെയുള്ള ചെക്ബോക്സിൽ ടിക്ക് ചെയ്ത് Save ബട്ടൺ അമർത്തുക.




5. ഇങ്ങനെ സേവ് ചെയ്യുന്ന വിവരം HM/Principal ന് ഫോർവേഡ് ചെയ്യപ്പെടും. രജിസ്ട്രേഷൻ സ്റ്റാറ്റസ് Pending എന്നും രേഖപ്പെടുത്തിയിട്ടുണ്ടാകും.

NOTE:

- ഇത്രയും കാര്യങ്ങൾ ചെയ്ത ശേഷം HM/Principal നെ വിവരം അറിയിക്കുക.
- Name, Date of Joining in Service, Due Date of Probation Declaration എന്നിവ കൃത്യമായി നൽകുക.

## STAGE II (APPROVAL)

1. HM/Principal ലോഗിനിൽ പ്രവേശിക്കുക (SAMAGRA).



2. ഹോം പേജിൽ നിന്നും KOOL APPLICANTS എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. കൂൾ കോഴ്സിനായി രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ അവിടെ ലിസ്റ്റ് ചെയ്യും.




3. കൂൾ കോഴ്സിനായി രജിസ്റ്റർ ചെയ്ത അധ്യാപകന്റെ പേര്, ജോലിയിൽ പ്രവേശിച്ച തീയിതി, പ്രൊബേഷൻ പൂർത്തിയാക്കുന്ന തീയതി എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.
4. അതിനു ശേഷം, Approve ബട്ടണിൽ (✅) ക്ലിക്ക് ചെയ്യുക. [രേഖപ്പെടുത്തിയ വിവരത്തിൽ തെറ്റുണ്ടെങ്കിൽ Reject ബട്ടണിൽ ക്ലിക്ക് ചെയ്ത് അപേക്ഷിക്കുന്ന ആളിനോട് തെറ്റ് തിരുത്താൻ നിർദ്ദേശിക്കുക. ശേഷം ഇതേ പ്രവർത്തനം ആവർത്തിക്കുക]
5. Approve ചെയ്തു കഴിഞ്ഞാൽ വിവരം അപേക്ഷകനെ അറിയിക്കുക.

## STAGE III (PAYMENT)

1. Teacher Login ൽ പ്രവേശിക്കുക. ഹോം പേജിൽ നിന്നും KOOL REGISTRATION എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. സ്ഥാപന മേധാവി Approve ചെയ്തു കഴിഞ്ഞാൽ രജിസ്ട്രേഷൻ സ്റ്റാറ്റസ് APPROVED എന്നായി മാറിയിട്ടുണ്ടാകും. അതോടൊപ്പം Pay Online എന്ന ബട്ടണും ലഭ്യമായിട്ടുണ്ടാകും.




3. തുടർന്ന്, Pay Online എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുറന്നുവരുന്ന ജാലകത്തിൽ നിന്നും Pay Now എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




4. ബന്ധപ്പെട്ട Bank Details നൽകി Payment നടപടികൾ പൂർത്തിയാക്കി സമഗ്രയിലേക്ക് തിരിച്ചെത്തുക.
5. ഇപ്പോൾ, Pay Online എന്നതിനു താഴെ SUCCESS എന്ന് രേഖപ്പെടുത്തിയിരിക്കും. Print എന്നതിനു താഴെ നൽകിയിരിക്കുന്ന പ്രിന്റർ ഐക്കണിൽ ക്ലിക്ക് ചെയ്ത് Payment Receipt ന്റെ കോപ്പിയെടുത്ത് പ്രന്റ് ചെയ്ത് സൂക്ഷിക്കുക.




NOTE:
- Payment Receipt ന്റെ കോപ്പിയെടുത്ത് പ്രന്റ് ചെയ്ത് സൂക്ഷിക്കുക.
- ക്ലാസ്സ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ രജിസ്റ്റർ ചെയ്ത ജില്ലയിൽ നിന്നും ലഭ്യമാകും.